നം. സി.ഇ.ഇ/2424/09/സി.എ.പി.-2010/റ്റി.എ.1/എസ്‌പിഎൽ

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

## 2010 ലെ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പ്രത്യേക അലോട്ട്മെന്റ് - പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യണം

(G.O.(Ms)No.373/2010/H.Edn. dated 10.11.2010)

മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം 2010 ലെ ബി.ടെക്. എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് സർക്കാർ/എയിഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിവുവന്ന ഏതാനും സീറ്റുകളിലേയ്ക്കും പുതുതായി അംഗീകാരം ലഭിച്ച സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്കും പുതുതായി അംഗീകാരം ലഭിച്ച കോഴ്സ്/അധിക സീറ്റുകളിലേയ്ക്കും ഒരു പ്രത്യേക അലോട്ടുമെന്റ് നടത്തുന്നതാണ്. ഈ കോഴ്സ്/കോളേജുകളിലേയ്ക്ക് താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് **13.11.2010 ന് രാവിലെ 10 മണി മുതൽ 17.11.2010 ന് വൈകുന്നേരം 5 മണി വരെ www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. **പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ മുൻ അലോട്ടുമെന്റുകളിൽ വിദ്യാർത്ഥികൾ രേഖപ്പെടുത്തിയ ഓപ്ഷനുകളൊന്നും തന്നെ ഈ പ്രത്യേക അലോട്ടുമെന്റിൽ പരിഗണിക്കുന്നതല്ല.**

17.11.2010 ന് വൈകുന്നേരം 5 മണി വരെ വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **18.11.2010 ന് അലോട്ടുമെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** ഇതുപ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **2010 നവംബർ 22 നോ അതിനു മുമ്പോ** അലോട്ടുമെന്റ് ലഭിക്കുന്ന കോളേജുകളിൽ ഹാജരായി, നിർദ്ദിഷ്ട കോഴ്സ് ഫീസ് കോളേജുകളിൽ ഒടുക്കി പ്രവേശനം നേടേണ്ടതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ മുൻ അലോട്ടുമെന്റുകൾ പ്രകാരം ഇപ്പോൾ മറ്റു കോഴ്സുകളിൽ അഡ്മിഷൻ നേടി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ ഈ പ്രത്യേക അലോട്ടുമെന്റിൽ പങ്കെടുത്ത് പുതിയ അലോട്ടുമെന്റ് ലഭിക്കുകയാണെങ്കിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന കോളേജുകളിൽ നിന്നും വിടുതൽ ലഭിക്കുന്നതിന് നിയമാനുസൃതമായ ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും.

ഈ പ്രത്യേക അലോട്ടുമെന്റിൽ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള ഏതാനും ഒഴിവുകളിലേയ്ക്കും താഴെപ്പറയുന്ന പുതിയ കോളേജ്/കോഴ്സുകളിലേയ്ക്കും താത്പര്യമുള്ള വിദ്യാർത്ഥികൾ പുതിയ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

| No. | College | Course |
|---|---|---|
| 1 | Al-Azhar College of Engineering & Technology, Thodupuzha, Idukki **(AAE)** | CE, ME, PE, EC, CS |
| 2 | Christ Knowledge City, Kuzhoor, Ernakulam **(CKC)** | CE, EE, EC, CS, AE |
| 3 | Gurudeva Institute of Science & Technology, Puthuppally, Kottayam **(GIT)** | CE, ME, EE, EC, CS |
| 4 | Sree Narayana Guru Institute of Science & Technology, North Paravoor, Ernakulam **(SNT)** | CE, ME, EE, EC, CS |
| 5 | St. Thomas College of Engineering & Technology, Kozhuvalloor, Chengannur, Alappuzha **(STC)** | CE, ME, EE, EC, CS |

| | | |
|---|---|---|
| 6 | Jai Bharath College of Management & Engineering Technology, Perumbavoor, Ernakulam **(JBT)** | **EE, EC** (Additional intake) |
| | | **ME** (New Course) |
| 7 | KMEA Engineering College, Edathala, Aluva **(KME)** | **ME** (New Course) |
| 8 | Musaliar College of Engineering & Technology, Kumbazha, Pathanamthitta **(MCK)** | **ME** (Additional intake) |
| 9 | Thejus Engineering College, Vellarakad P O, Erumapetty, Thrissur **(TJE)** | **ME** (New Course) |

**അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു :**

| | |
|---|---|
| Web page opens for registering new options. | **13.11.2010** 10 am to **17.11.2010** 5 pm |
| **Special Allotment** | **18.11.2010** |
| Admission in Colleges. | **19.11.2010 to 22.11.2010** |
| Colleges to furnish non-joining report to the CEE. | **24.11.2010** |
| **Re-allotment.** | **25.11.2010** |
| Admission in Colleges. | **On or before 30.11.2010** |

വിശദവിവരങ്ങൾക്ക് www.cee-kerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അലോട്ടുമെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471-2115311, 2115312, 2115313, 2115314** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
12.11.2010